


# നഗരപ്രദേശത്ത് വെജിറ്റബിൾ കിയോസ്കുകൾ

കുടുംബശ്രീയുടെ കാർഷിക വിഭാഗത്തിന് കീഴിൽ 68,388 കൃഷിസംഘങ്ങളിലൂടെ 50,000 ഹെക്ടർ സ്ഥലത്ത് വിവിധ ഇനം വിളകൾ കൃഷി ചെയ്തുവരുന്നു. 3,38,202 അയൽക്കൂട്ടാംഗങ്ങളാണ് ഇത്തരത്തിൽ കാർഷികവൃത്തി നടത്തുന്നത്. കൂടാതെ മൂല്യവർദ്ധന യൂണിറ്റുകളിലൂടെയും അയൽക്കൂട്ടാംഗങ്ങൾ വിവിധ ഉത്പന്നങ്ങളുണ്ടാക്കി വരുന്നു. ഈ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണന സാധ്യതയൊരുക്കി നൽകുക ലക്ഷ്യമിട്ട് നഗരപ്രദേശങ്ങളിൽ 100 വെജിറ്റബിൾ കിയോസ്കുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുമായി ഞങ്ങൾ മുന്നോട്ട് പോകുകയാണ്.

കുടുംബശ്രീ കൃഷിസംഘങ്ങളുടെ ഉത്പന്നങ്ങൾ വിപണനത്തിന് എത്തിക്കുന്നതിനായി നാട്ടുചന്ത എന്ന പേരിൽ 450 പഞ്ചായത്തുകളിൽ ആഴ്ച്ചചന്തകൾ നടത്തിവരുന്നുണ്ട്. ഈ ചന്തകളിലെത്തിക്കുന്ന ഉത്പന്നങ്ങൾക്കെല്ലാം ഏറെ ആവശ്യക്കാരുമുണ്ട്. കോവിഡ് – 19 ലോക്ഡൗൺ കാലം കൃഷിസംഘങ്ങൾക്ക് ഏറെ നഷ്ടമുണ്ടാക്കിയിരുന്നു. വിപണനത്തിന് വ്യത്യസ്തമായ ഒരു രീതി അവലംബിക്കാനുള്ള തീരുമാനം ഇതേത്തുടർന്നാണ് ഞങ്ങൾ കൈക്കൊള്ളുന്നത്. ജനസാന്ദ്രത ഏറെയുള്ള നഗരങ്ങൾ കേന്ദ്രീകരിച്ച് ഞങ്ങളുടെ കൃഷിസംഘങ്ങളുടെയും സംരംഭകരുടെയും ഉത്പന്നങ്ങൾ വിപണനം നടത്തുകയന്നതാണ് ഈ തീരുമാനം. കേരളത്തിലെ തെരഞ്ഞെടുത്ത 100 നഗരങ്ങളിൽ ഒരേ ഡിസൈനോട് കൂടി ബ്രാൻഡ് ചെയ്ത വെജിറ്റബിൾ കിയോസ്കുകൾ സ്ഥാപിച്ച് അതുവഴി കാർഷിക ഉത്പന്നങ്ങളുടെ വിപണനം

നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

നഗര തദ്ദേശസ്ഥാപനങ്ങൾ, നഗരങ്ങളിലെ സിഡിഎസുകൾ എന്നിവ മുഖേന കിയോസ്കുകൾ സ്ഥാപിക്കാനുള്ള ഇടം കണ്ടെത്തുകയാണ് ആദ്യപടി. അതാത് അർബൻ സിഡിഎസുകൾക്കായിരിക്കും കിയോസ്കുകളുടെ പ്രവർത്തന ചുമതല. ഒരു കിയോസ്കിന് 2.5 ലക്ഷം രൂപയാണ് ഗ്രാന്റായി അനുവദിക്കുക. സിഡിഎസിലെയും ജില്ലാ മിഷനിലെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു മാനേജ്മെന്റ് കമ്മിറ്റിയാണ് കിയോസ്കുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക. നിശ്ചിത തുക ഓണറേറിയവും മികവിന് അനുസരിച്ച് ഇൻസെന്റീവും നൽകി ഒരു കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സണ് (സിആർപി) ഓരോ കിയോസ്കുകളുടെ ചുമതലയും നൽകും.

കിയോസ്കുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് അധിക സാമ്പത്തിക സഹായം മാനേജ്മെന്റ് കമ്മിറ്റിക്ക് സിഡിഎസ് മുഖേനയും ലഭ്യമാക്കും.

ഇപ്പോൾ ഈ പ്രവർത്തനങ്ങളുടെ ആസൂത്രണം നടന്നു വരികയാണ്. സെപ്റ്റംബറോട് കൂടി വ്യക്തമായ നടപടി ക്രമങ്ങൾ നൽകുകയും ഒക്ടോബർ മുതൽ കിയോസ്കുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.

കുടുംബശ്രീ കൃഷിസംഘങ്ങൾക്ക് വിപണനത്തിന് പുതിയൊരു അവസരം തുറന്ന് നൽകാനും കാർഷികമേഖലയിൽ ഉണർവ്വ് നൽകാനും കഴിയുന്ന പദ്ധതിയെന്ന നിലയിലാണ് ഞങ്ങൾ ഈ പ്രവർത്തനത്തെ കണക്കാക്കുന്നത്.